# പതിമൂന്നാം കേരളനിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3912 15.12.2014 ന് മറുപടിയ്ക്ക്

## റിസർവ്വ് വനത്തിലും സംരക്ഷിത വനത്തിലും വിനോദസഞ്ചാരത്തിന്റെ ഭാഗമായുള്ള വാഹനയാത്രികരുടെ ബുദ്ധിമുട്ടുകൾ

ചോദ്യം

ശ്രീ.ആർ.സെൽവരാജ്

ഉത്തരം

ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ
(വനവും, പരിസ്ഥിതിയും, ഗതാഗതവും, കായികവും, സിനിമയും വകുപ്പമന്ത്രി)

(എ) കേരളത്തിൽ റിസർവ്വ് വനത്തിലും സംരക്ഷിത വനത്തിലും റോഡിലൂടെ വിനോദസഞ്ചാരത്തിന്റെ ഭാഗമായും മറ്റും വാഹനവും, സഞ്ചാരികളേയും കടത്തിവിടുന്നുണ്ടോ ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(എ) കേരളത്തിലെ റിസർവ്വ് വനങ്ങളിലൂടേയും വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിലൂടേയും കടന്നു പോകുന്ന പൊതുനിരത്തുകളിൽ വാഹന ഗതാഗതം അനുവദിക്കുന്നുണ്ട്. 1972-ലെ വന്യജീവി (സംരക്ഷണ) നിയമം സെക്ഷൻ 27 (d) പ്രകാരം വന്യജീവി സങ്കേതത്തിലൂടെ കടന്നു പോകുന്ന പൊതുനിരത്തുകളിലൂടെ സഞ്ചാര സ്വാതന്ത്ര്യം അനുവദിക്കപ്പെട്ടിട്ടുണ്ട്. വന്യജീവി സങ്കേതങ്ങളുടെ ടൂറിസം സോണിൽ നിലവിലുള്ള ഫോറസ്റ്റ് റോഡുകളിലും വിനോദ സഞ്ചാരത്തിന്റെ ഭാഗമായി വാഹനങ്ങളെയും വിനോദ സഞ്ചാരികളെയും നിയന്ത്രണ വിധേയമായി സഞ്ചരിക്കാൻ അനുവദിച്ചു വരുന്നു.

(ബി) നിലവിൽ സംരക്ഷിത വനമേഖലയിലോ, റിസർവ്വ് വനത്തിലോ വച്ച് കുറ്റകൃത്യങ്ങൾ നടന്നാൽ വാഹനം പിടിച്ചെടുത്ത് പ്രതികളെ അറസ്റ്റ് ചെയ്ത് കോടതിയിൽ ഹാജരാക്കുമ്പോൾ വന്യമൃഗങ്ങൾ സ്വൈര്യ വിഹാരം നടത്തുന്ന സ്ഥലത്ത് ഒറ്റപ്പെട്ടുപോകുന്ന സ്ത്രീകളും കുട്ടികളുമായി വരുന്ന സഞ്ചാരികൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ട് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സംരക്ഷിത മേഖലയിലും റിസർവ്വ് വനത്തിലും പോലീസ്, എക്സൈസ്, മോട്ടോർ വാഹന വകുപ്പ് തുടങ്ങിയ വിഭാഗങ്ങൾ സാധാരണയായി പട്രോളിംഗ് നടത്താത്ത സാഹചര്യത്തിൽ ഓവർ സ്പീഡ്, അശ്രദ്ധയോടെയുള്ള ഡ്രൈവിംഗ്, ലഹരി ഉപയോഗം തുടങ്ങിയ കുറ്റകൃത്യങ്ങൾ കണ്ടാൽ വനനിയമപ്രകാരം പ്രതികളെ അറസ്റ്റ് ചെയ്ത് വാഹനം പിടിച്ച് കോടതിയിൽ ഹാജരാക്കുന്നത് ഒഴിവാക്കി, വാഹന വകുപ്പും പോലീസും ചെയ്യുന്നതുപോലെ ഫൈൻ ഈടാക്കി താക്കീത് ചെയ്ത് വിടുന്നതിന് വനം വകുപ്പിലെ ഡെപ്യൂട്ടി റെയിഞ്ചർ തസ്തികയിൽ കുറയാത്ത ജീവനക്കാരനെ ചുമതലപ്പെടുത്തുന്നതിന് ചട്ടം ഭേദഗതി ചെയ്യുന്നതിന് തയ്യാറാകുമോ; വിശദാംശം ലഭ്യമാക്കാമോ?

(സി) വന്യജീവി സംരക്ഷണ കേന്ദ്രങ്ങളിലൂടേയും റിസർവ്വ് വനങ്ങളിലൂടേയും കടന്നു പോകുന്ന പൊതുനിരത്തുകളിലും വനപാതകളിലും അമിതവേഗം, അശ്രദ്ധയോടെയുള്ള വാഹനം ഓടിക്കൽ തുടങ്ങി വനജീവികൾക്കും അവയുടെ ആവാസ വ്യവസ്ഥയ്ക്കും ദോഷമുണ്ടാക്കുന്നതുമായി ബന്ധപ്പെട്ട വനം കുറ്റകൃത്യങ്ങൾ പിഴ ഈടാക്കി കൊമ്പൗണ്ട് ചെയ്യുന്നതിന് നിലവിൽ വ്യവസ്ഥയുണ്ട്. ഇക്കാര്യത്തിൽ വനം നിയമങ്ങളും ചട്ടങ്ങളും ഭേദഗതി ചെയ്യേണ്ട സാഹചര്യം നിലവിലില്ല.

സെക്ഷൻ ഓഫീസർ.